**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** **04-08-2021 - ൽ മറുപടിയ്ക്ക്**

**പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. എം.വിജിൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ; | (എ) | പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ സുതാര്യമാണ്. പി.എസ്.സി യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലും, ഉദ്യോഗാർത്ഥികൾക്ക് സഹായകരവും ആകുന്ന തരത്തിൽ ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി വരുന്നു. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈൻ അപേക്ഷകൾ കുറ്റമറ്റ രീതിയിൽ സമർപ്പിക്കുവാൻ സഹായകമാകുന്നതിനായി സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളുടെ നടത്തിപ്പുകാർക്ക് പി.എസ്.സി പരിശീലനം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ നിന്ന് ഒഴിവുകൾ കാര്യക്ഷമമായി റിപ്പോർട്ട് ചെയ്യുന്നതിനായി ഓൺലൈൻ സംവിധാനങ്ങളൊരുക്കുകയും വിവിധവകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് പ്രസ്തുത സംവിധാനത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഓൺ ലൈൻ പരീക്ഷകൾ നടത്തുന്നതിനായി പി.എസ്.സി സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഗവൺമെന്റ്/ സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്തുവരുന്നു. |
| (ബി) | സംസ്ഥാന ചരിത്രത്തിലെ ഏറ്റവും കൂടുതൽ നിയമനങ്ങൾ നടത്തുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പി.എസ്.സി.-യ്ക്ക് കഴിഞ്ഞിട്ടുണ്ടോ; | (ബി) | 2016 മേയ് 26 മുതൽ 2021 മേയ് 20 വരെ വിവിധ വകുപ്പുകളിലേക്കായി 1,61,361 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി മുന്നൂറ്റി അറുപത്തി ഒന്ന്) നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. 2016 ന് തൊട്ടുമുമ്പുള്ള സർക്കാരിന്റെ കാലത്ത് 1,54,386 (ഒരു ലക്ഷത്തി അൻപത്തി നാലായിരത്തി മുന്നൂറ്റി എൺപത്തിയാറ്) നിയമന ശിപാർശകളാണ് നല്കിയിട്ടുള്ളത്. ഇതിൽ 4000 ത്തിലേറെ നിയമനങ്ങൾ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്താണ് നടത്തിയത്. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സമയബന്ധിതമായും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; | (സി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ അവ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. കാലതാമസം കൂടാതെ നിയമനശിപാർശ നൽകിവരുന്നുണ്ട്. വകുപ്പുകളിൽ നിന്ന് ഒഴിവുകൾ കൃത്യമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം പരിശോധന നടത്തിവരുകയും ചെയ്യുന്നു. |
| (ഡി) | ഉദ്യോഗാർത്ഥികൾക്ക് കൂടുതൽ സഹായകരമായ തരത്തിൽ പി. എസ്. സി. യുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേക്കായി എസ്.എസ്. എൽ.സി, പ്ലസ്ടു, ഡിഗ്രി എന്നിവ അടിസ്ഥാന യോഗ്യതകളായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് എസ്.എസ്.എൽ.സി ലെവൽ, പ്ലസ്ടു ലെവൽ, ഡിഗ്രി ലെവൽ എന്നിങ്ങനെ പൊതു പ്രാഥമിക പരീക്ഷകൾ നടത്തിയതിനു ശേഷം ഫൈനൽ പരീക്ഷ നടത്തി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ